# കേരള നിയമസഭ
# 21.10.2011-ലെ മറുപടിക്ക്

പുതിയ വ്യവസായ സംരംഭങ്ങൾ

4926 ശ്രീ. റോഷി അഗസ്റ്റിൻ
'' തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും**
**നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ വ്യവസായ സംരംഭങ്ങൾ സർക്കാർ ഉടമസ്ഥതയിൽ ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ;

(ബി) പുതിയ വ്യവസായ സംരംഭങ്ങൾ സംസ്ഥാനത്തെ തൊഴിൽ ലഭ്യത ഉറപ്പ് വരുത്തുന്നതിനും അസംസ്കൃത വസ്തുക്കൾ കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്ന തരത്തിലുമായിരിക്കുവാൻ നടപടി ഉണ്ടാകുമോ;

(സി) വേസ്റ്റ് ഉപയോഗപ്പെടുത്തി ജില്ലകൾ തോറും വൈദ്യുതി, വളം, മുതലായവ ഉണ്ടാക്കുന്ന വ്യാവസായിക സംരംഭങ്ങൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>എമർജിംഗ് കേരള പദ്ധതിയുടെ പ്രവർത്തനങ്ങൾ</u>

4927 ശ്രീ. കെ.എൻ.എ. ഖാദർ
,, കെ.എം. ഷാജി
,, കെ. മുഹമ്മദുണ്ണി ഹാജി
,, പി.ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'എമർജിംഗ് കേരള പദ്ധതി' മുഖേന എത്ര കോടി രൂപയുടെ വിദേശ മൂലധനമാണ് പ്രതീക്ഷിക്കുന്നത്;

(ബി) ഏതെല്ലാം വ്യവസായങ്ങൾക്കാണ് ഈ സംരംഭക പരിപാടിയിൽ മുൻഗണന നൽകുന്നത്;

(സി) സ്വദേശത്തു നിന്നും സമാഹരിക്കുവാൻ കഴിയുന്ന മൂലധനത്തിന്റെ സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി സമീപന രേഖ

4928 ശ്രീ. ജോസഫ് വാഴക്കൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ. ശിവദാസൻ നായർ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ സമീപന രേഖയിൽ വ്യവസായ-ഐ.ടി. മേഖലകൾക്ക് എന്തെല്ലാം തീരുമാനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(ബി) നിക്ഷേപങ്ങൾ ആകർഷിക്കുന്നതിന് എതെല്ലാം സമഗ്ര പദ്ധികളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത് ;

(സി) ഇതിന് സഹായകരമാകുന്ന രീതിയിൽ 'എമർജിംഗ് കേരള പദ്ധതി'യെ പ്രയോജനപ്പെടുത്തുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>വ്യവസായ നയം</u>

4929 ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. എ. കെ. ബാലൻ
,, എളമരം കരീം
ഡോ. കെ.ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ആസൂത്രണ കമ്മീഷൻ, വ്യവസായനയം രൂപപ്പെടുത്തുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച് വിശദമാക്കാമോ ;

(ബി) ആസൂത്രണ കമ്മീഷൻ മുൻപാകെ സർക്കാർ സമർപ്പിച്ച വ്യവസായ നയം സംബന്ധിച്ച പരിഷ്കരണ നിർദ്ദേശം എന്തായിരുന്നു; വിശദമാക്കാമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

വ്യവസായ പാർക്കുകൾ അനുവദിക്കുന്നതിന്
ആവശ്യമായ മാനദണ്ഡങ്ങൾ

4930 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലം തലത്തിൽ വ്യവസായ പാർക്കുകൾ അനുവദിക്കുന്നതിന് ആവശ്യമായ മാനദണ്ഡങ്ങൾ വിശദമാക്കുമോ ;

(ബി) കേരളത്തിൽ ഇപ്പോൾ നിർമ്മാണം പുരോഗമിക്കുന്ന വ്യവസായ പാർക്കുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ചേലേമ്പ്ര പഞ്ചായത്തിൽ വ്യവസായം ആരംഭിക്കുവാൻ നടപടി</u>

4931 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചേലേമ്പ്ര പഞ്ചായത്തിൽ അടഞ്ഞുകിടക്കുന്ന സ്പിന്നിംഗ് മില്ലിലെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി മറ്റേതെങ്കിലും വ്യവസായം ആരംഭിക്കുവാൻ പ്രസ്തുത സ്ഥാപനത്തിന്റെ ഉടമകളുമായി ആലോചിച്ച് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ഇ-ഗവേർണൻസ്</u>

4932 ശ്രീ. എം. എ. വാഹീദ്
,, റ്റി. എൻ. പ്രതാപൻ
,, അൻവർ സാദത്ത്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ കരട് സമീപനരേഖയിൽ ഇ-ഗവേർണൻസിന് കൂടുതൽ പ്രാധാന്യം നൽകാൻ എന്തെല്ലാം തീരുമാനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) ഏതൊക്കെ വകുപ്പുകളിലാണ് ഇത് ഉടൻ നടപ്പാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സമയബന്ധിതമായി ഇത് നടപ്പാക്കാൻ ശ്രമിക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ഇ-ടെൻഡറിംഗ് സംവിധാനം</u>

4933 ശ്രീ. എം.എ. വാഹീദ്
,, ബെന്നി ബെഹനാൻ
,, പി. സി. വിഷ്ണുനാഥ്
,, ഐ.സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമേഖല സ്ഥാപനങ്ങളെ മികവുറ്റതാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാം;

(ബി) ഇതിന്റെ ഭാഗമായി ഇ-ടെൻഡറിംഗ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ;

(സി) പൊതുമേഖല സ്ഥാപനങ്ങളിലെ സി.ഇ.ഒ. ഡയറക്ടർമാർ എന്നിവരെ തെരഞ്ഞെടുക്കാൻ കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് രൂപീകരിക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

'റിയാബ്' (RIAB) ന്റെ പ്രവര്‍ത്തനം കാര്യക്ഷമമാക്കാന്‍ പദ്ധതി

4934 ശ്രീ. കെ. ശിവദാസന്‍ നായര്‍
,, തേറമ്പില്‍ രാമകൃഷ്ണന്‍
,, ഡൊമിനിക് പ്രസന്റേഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും**
**നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 'റിയാബ്' (RIAB) ന്റെ പ്രവര്‍ത്തനം കാര്യക്ഷമമാക്കാന്‍ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളില്‍ ചീഫ് എക്സിക്യൂട്ടീവ്മാരെയും ഉയര്‍ന്ന ഉദ്യോഗസ്ഥരെയും നിയമിക്കാനുള്ള കേന്ദ്രീകൃത സംവിധാനം റിയാബില്‍ ഏര്‍പ്പെടുത്തുമോ;

(സി) അന്യസംസ്ഥാനങ്ങളിലും അന്തര്‍ദേശീയ തലത്തിലും പൊതുമേഖലയുടെ ഉന്നമനത്തിനായി പ്രവര്‍ത്തിക്കുന്ന സ്ഥാപനങ്ങളുമായി സഹകരിച്ച് റിയാബിന്റെ പ്രവര്‍ത്തനം ശക്തിപ്പെടുത്താന്‍ ശ്രമിക്കുമോ ?

# കേരള നിയമസഭ
# 21.10.2011-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ</u>

4935 ശ്രീ. ഇ.പി. ജയരാജൻ
'' ജി. സുധാകരൻ
ശ്രീമതി കെ.കെ. ലതിക
ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12 ൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾക്കായി ലഭിച്ച പ്രൊപ്പോസലുകൾ എത്ര കോടിയുടേതാണ് ;

(ബി) ഇതിനകം എത്ര പദ്ധതികൾക്ക് സർക്കാർ അംഗീകാരവും ഗ്രാന്റും നൽകുകയുണ്ടായി ;

(സി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്ര ;

(ഡി) റിയാബ് ഈ പദ്ധതിയെക്കുറിച്ച് പഠിച്ച് സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ ; അത് പ്രകാരം കമ്പനികൾക്ക് നൽകേണ്ടതായ മൊത്തം തുക എത്ര കോടിയായിരുന്നുവെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>കേന്ദ്ര സർക്കാർ സഹകരണത്തോടെ പുതിയ വ്യവസായ യൂണിറ്റുകൾ</u>

4936 ശ്രീ. വർക്കല കഹാർ
,, ലൂഡി ലൂയിസ്
,, സി. പി. മുഹമ്മദ്
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ സഹകരണത്തോടെ പുതിയ വ്യവസായ യൂണിറ്റുകൾ അനുവദിക്കുന്നതിനു എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ;

(ബി) ഇങ്ങനെ തുടങ്ങുന്ന വ്യവസായ യൂണിറ്റുകൾക്ക് കേന്ദ്ര സഹായം ലഭ്യമാണോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) യൂണിറ്റുകൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് എങ്ങനെ വിപണി കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
# 21.10.2011-ലെ മറുപടിക്ക്

വ്യവസായ ആവശ്യത്തിന് വാങ്ങുന്ന സ്ഥലം മറിച്ചു വിൽക്കുന്നതിനെതിരെ നടപടി

4937 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ വ്യവസായ വകുപ്പിനുകീഴിൽ പുതുശ്ശേരി വെസ്റ്റ്, സെൻട്രൽ എന്നീ വില്ലേജുകളിലായി എത്ര ഏക്കർ സ്ഥലം ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) വ്യവസായ സംരംഭകർക്കായി കുറഞ്ഞ നിരക്കിൽ ഭൂമി അനുദിച്ചുനൽകിയിട്ടുള്ളതിൽ ഒരു വർഷത്തിനുള്ളിൽ വ്യവസായം ആരംഭിക്കാൻ കഴിയാത്തത് തിരിച്ചുപിടിക്കുന്നതിനും ന്യായമായ കാരണത്താൽ സമയം നീട്ടിക്കൊടുക്കുന്നതിനും നിലവിലെ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്നതോ, പൂട്ടിക്കിടക്കുന്നതോ ആയ സ്ഥാപനങ്ങൾ പുതിയ വ്യയസായികൾക്ക് ഏറ്റെടുത്തു നടത്താനുള്ള അനുവാദം ഇപ്പോൾ നൽകുന്നുണ്ടോ;

(ഡി) ധൻ ഇസ്പാറ്റ് എന്ന സ്ഥാപനത്തിന് അഞ്ചുവർഷം മുമ്പ് 25 ഏക്കർ സ്ഥലം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സ്ഥാപനത്തിൽ എന്തെങ്കിലും വ്യവസായം ആരംഭിച്ചിട്ടുണ്ടോ; എത്രതവണ സ്ഥാപനം തുടങ്ങുവാനുള്ള സമയപരിധി നീട്ടിക്കൊടുത്തു;

(ഇ) ഈ സ്ഥാപനത്തിൽ വ്യവസായം തുടങ്ങാൻ നൽകിയ സ്ഥലം മറിച്ചുവിറ്റതായ ആരോപണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) പാലക്കാട് ജില്ലയിൽ വ്യവസായം തുടങ്ങുന്നതിനായി സ്ഥലം ആവശ്യപ്പെട്ട് എത്രപേർ അപേക്ഷ നൽകിയിട്ടുണ്ട്; ഇതിൽ എത്രപേർക്ക് സ്ഥലം നൽകാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശം നൽകുമോ;

# കേരള നിയമസഭ

## 21.10.2011-ലെ മറുപടിക്ക്

(ജി) വ്യവസായ ആവശ്യത്തിന് സർക്കാരിൽ നിന്ന് കുറഞ്ഞ വിലയ്ക്ക് വാങ്ങുന്ന സ്ഥലം കൂടിയ വിലയ്ക്ക് മറ്റു സംരംഭകർക്ക് മറിച്ചു വിൽക്കുന്നുണ്ടെങ്കിൽ അത് തടയാൻ നടപടി സ്വീകരിക്കുമോ;

(എച്ച്) വ്യവസായ ആവശ്യത്തിന് വാങ്ങിയ സ്ഥലം വർഷങ്ങളായി വ്യവസായം നടത്താതെ ഇട്ടിരിക്കുന്നവരിൽ നിന്ന് തിരിച്ചുപിടിച്ച് അപേക്ഷ നൽകിയിട്ടുള്ള പുതിയ സംരംഭകർക്ക് നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ</u>

4938 ശ്രീ.കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗര കാര്യവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായവകുപ്പിന്റെ കീഴിൽ പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>തുടർച്ചയായി നഷ്ടം ഉണ്ടാക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ</u>

4939 ശ്രീ. എളമരം കരീം
,, പി. ശ്രീരാമകൃഷ്ണൻ
,, കെ.വി. അബ്ദുൾ ഖാദർ
,, എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിൽ തുടർച്ചയായി നഷ്ടം ഉണ്ടാക്കുന്നവയുടെ കാര്യത്തിൽ അതിന്റെ കാരണങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളുടെ കാര്യത്തിൽ; വിശദമാക്കാമോ;

(ബി) അവലോകനത്തിൽ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സാധ്യമായിട്ടുളള സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും മെച്ചപ്പെടുത്താനുളള നിർദ്ദേശങ്ങൾ എന്താണെന്നും വിശദമാക്കാമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് സൂക്ഷ്മം, ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങൾ നടപ്പാനാവശ്യമായ ധനസഹായം</u>

4940 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും**
**നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൂക്ഷ്മം, ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ (എം.എസ്.എം.ഇ) ആരംഭിക്കുന്നതിനുള്ള നയങ്ങളും അതനുസരിച്ചുള്ള പരിപാടികളും നടപ്പാക്കുന്നതിനുള്ള പദ്ധതികൾ ഏതൊക്കെയാണ് ;

(ബി) സംസ്ഥാനത്ത് സൂക്ഷ്മ ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങൾ നടപ്പാക്കാനാവശ്യമായ ധനസഹായം ഏതെല്ലാം ധനകാര്യസ്ഥാപനങ്ങളിൽ നിന്നാണ് ലഭ്യമാക്കി കൊടുക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം പദ്ധതികൾ നടപ്പാക്കാനാവശ്യമായ സഹായങ്ങൾ ചെയ്ത്കൊടുക്കാൻ സംസ്ഥാനജില്ലാ തലത്തിൽ നിലവിലുള്ള ഉദ്യോഗസ്ഥ സംവിധാനം എന്താണ്;

(ഡി) ഉണ്ടെങ്കിൽ അതിൽ വ്യവസായ വാണിജ്യവകുപ്പിന്റെ പങ്കാളിത്തം എന്താണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 21.10.2011-ലെ മറുപടിക്ക്

ചെറുകിട വ്യവസായ മേഖലയിൽ കൂടുതൽ നിക്ഷേപം ആകർഷിക്കാൻ നടപടി

4941 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട വ്യവസായ മേഖലയിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ;

(ബി) ചെറുകിട വ്യവസായ മേഖലയിൽ ഉല്പന്നവൈവിധ്യവൽക്കരണവും നവീന സാങ്കേതികവിദ്യയും പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ നയം വ്യക്തമാക്കുമോ ;

(സി) ചെറുകിട വ്യവസായ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടികളുടെ പുരോഗതി വ്യക്തമാക്കുമോ ;

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ചെറുകിട വ്യവസായ യൂണിറ്റുകളുടെ രജിസ്ട്രേഷൻ</u>

4942 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് സർക്കാർ എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ചെറുകിട വ്യവസായ യൂണിറ്റുകളാണ് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>വനിതാ ചെറുകിട വ്യവസായ സംരംഭകർക്ക് നൽകുന്ന സഹായങ്ങൾ</u>

4943 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വനിതാ ചെറുകിട വ്യവസായ സംരംഭകർക്ക് പുതിയ വ്യവസായം ആരംഭിക്കുന്നതിന് എന്തെല്ലാം വ്യവസ്ഥകളാണ് നിലവിലുള്ളത് ;

(ബി) ഇവർക്ക് പുതിയ ചെറുകിട വ്യവസായം ആരംഭിക്കുന്നതിന് എന്തെങ്കിലും ഇളവുകൾ ഈ സർക്കാർ നടപ്പിലാക്കിയി
ട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ;

(സി) ഇവരുടെ ഉത്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് എന്തെല്ലാം സഹായങ്ങൾ നിലവിൽ നൽകി വരുന്നു എന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

'കേരള സ്റ്റേറ്റ് സെൽഫ് എൻട്രപ്രണർ മിഷൻ'

4944 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'കേരള സ്റ്റേറ്റ് സെൽഫ് എൻട്രപ്രണർ മിഷൻ' മുന്നോട്ടുവയ്ക്കുന്ന സ്കീം എന്താണ് ; അതിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സ്കീം ഏതു വകുപ്പിന്റെ നേതൃത്വത്തിലാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) കേരള സ്റ്റേറ്റ് സെൽഫ് എൻട്രപ്രണറിയൽ ഡവലപ്പ്മെന്റ് മിഷൻ മുന്നോട്ടു വയ്ക്കുന്ന പരിപാടികൾക്കു സമാനമായ പദ്ധതികൾക്ക് വേണ്ടത്ര പദ്ധതി വിഹിതമില്ലാതെ വ്യവസായ വകുപ്പ് നടപ്പാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ വ്യവസായ വകുപ്പിന്റെ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കാതെ അതേ ലക്ഷ്യത്തോടെ മറ്റൊരു പദ്ധതി പ്രഖ്യാപിച്ച് വ്യവസായ വകുപ്പിന്റെ പ്രസക്തി നഷ്ടപ്പെടുന്നത് തടയാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>വ്യാവസായിക മുന്നേറ്റത്തിന് കെ. എസ്. ഐ. ഡി. സി. യുടെ പങ്കാളിത്തം</u>

4945 ഡോ. എൻ. ജയരാജ്
ശ്രീ. സി. എഫ്. തോമസ്
,, മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഐ. ഡി. സി. യുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് കെ. എസ്. ഐ. ഡി. സി. യുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) പ്രവാസി നിക്ഷേപകരുടെ താൽപര്യങ്ങൾ സംരക്ഷിക്കുവാൻ കെ. എസ്. ഐ. ഡി. സി. യുടെ പ്രത്യേകമായ പാക്കേജ് നടപ്പാക്കുമോ;

(സി) കെ. എസ്. ഐ. ഡി. സി. യുടെ ടേം ലോണുകളിൽ പ്രോസസിങ്ങ് ഫീ ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്തെ വ്യാവസായിക പ്രക്രിയയിൽ കെ. എസ്. ഐ. ഡി. സി. കൂടുതൽ പങ്കാളിയാകുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>കെ.എസ്.ഐ.ഡി.സി. യുടെ വാതക വിതരണ പദ്ധതി</u>

4946 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജി.എ.ഐ.എൽ ഗ്യാസുമായിചേർന്ന് (കെ.എസ്.ഐ.ഡി.സി) സംസ്ഥാനത്ത് ഏറ്റെടുത്തു നടത്തുവാനുദ്ദേശിച്ചിട്ടുള്ള വാതക വിതരണ പദ്ധതിയുടെ വിശദാംശം അറിയിക്കുമോ;

(ബി) മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഈയിടെ ഇതോടനുബന്ധിച്ച് ഒപ്പുവച്ചിട്ടുള്ളതായ കരാറുകളുടെ വിശദാംശം വ്യക്തമാക്കുമോ;

(സി) അവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

എൽ. എൻ. ജി. ടെർമിനൽ പദ്ധതിയുടെ പ്രവർത്തനം

4947 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ ദ്രവീകരണ പ്രകൃതിവാതക (എൽ. എൻ. ജി.) ടെർമിനൽ പദ്ധതിയുടെ പ്രവർത്തനം ഏതുവരെയായി; ഈ പദ്ധതി എന്ന് കമ്മീഷൻ ചെയ്യാനാകും;

(ബി) ഈ പദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽ കമ്മീഷൻ ചെയ്യാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

നൂറുദിനപരിപാടിയിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതി

4948 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി നേമം നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പ് ഏതെങ്കിലും പുതിയ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി സർക്കാർ എത്രത്തോളം തുകയാണ് ചെലവഴിച്ചത് ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>മലബാര്‍ സിമന്റ്സിന്റെ ഗ്രൈന്റിംഗ് യൂണിറ്റ് തുറന്നുപ്രവര്‍ത്തിപ്പിക്കാന്‍ നടപടി</u>

4949 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ചേര്‍ത്തല അരൂര്‍ നിയോജക മണ്ഡലത്തിലെ ചേന്നം പള്ളിപ്പുറം പഞ്ചായത്തിലെ മലബാര്‍ സിമന്റ്സിലെ ഗ്രൈന്റിംഗ് യൂണിറ്റ് അടച്ചുപൂട്ടിയിട്ട് എത്ര നാളായി;

(ബി) ഇത് തുറന്നു പ്രവര്‍ത്തിപ്പിക്കുന്നതിന് മുന്‍സര്‍ക്കാരിന്റെ ഭരണകാലത്ത് വ്യവസായ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തില്‍ ട്രേഡ് യൂണിയന്‍ പ്രതിനിധികളുമായി നടന്ന ചര്‍ച്ചയില്‍ ഉണ്ടാക്കിയ ധാരണ പ്രകാരം സ്ഥാപനം തുറന്നുപ്രവര്‍ത്തിപ്പിക്കുവാന്‍ തീരുമാനിച്ചിരുന്നോ;

(സി) ഈ സര്‍ക്കാരിന്റെ ആദ്യ സമ്മേളനത്തില്‍ സഭയില്‍ വ്യവസായ വകുപ്പ് മന്ത്രി ഉറപ്പുതന്നതിന്‍ പ്രകാരം സ്ഥാപനം ഉടന്‍ തുറന്ന് പ്രവര്‍ത്തിപ്പിക്കുവാന്‍ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; സ്ഥാപനം എന്നു തുറന്നു പ്രവര്‍ത്തിക്കുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>പ്രവാസികൾക്കുമാത്രമായി സംസ്ഥാന സർക്കാർ ആഭിമുഖ്യത്തിൽ വ്യവസായ സംരംഭങ്ങൾ</u>

4950 ശ്രീ.കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും**
**വകുപ്പുമന്ത്രി**

സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾക്കുമാത്രമായി സംസ്ഥാന സർക്കാർ ആഭിമുഖ്യത്തിൽ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഇതിനായി മുതൽ മുടക്കുവാൻ തയ്യാറുള്ള പ്രവാസികളെ കണ്ടെത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ഇതുവരെ കേരളത്തിൽ പ്രവാസികൾക്കു മാത്രമായി നടത്തുന്ന എത്ര സംരംഭങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് ;

(ഡി) ഈ വ്യവസായങ്ങൾ ലാഭകരമായി പ്രവർത്തിക്കുന്നുണ്ടോയെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>വ്യവസായ കേന്ദ്രങ്ങളെ സ്പെഷ്യൽ ഇക്കണോമിക് സോണാക്കുന്നതിന് നടപടി</u>

4951 ശ്രീ. റോഷി അഗസ്റ്റിൻ
'' പി. സി. ജോർജ്
'' തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു നിയോജകമണ്ഡലത്തിൽ ഒരു വ്യവസായ പാർക്ക് എന്ന നിലയിൽ സംസ്ഥാനത്തെ മുഴുവൻ നിയോജക മണ്ഡലങ്ങളിലും വ്യവസായ സംരംഭക കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(ബി) പദ്ധതി പ്രകാരമുള്ള വ്യവസായ കേന്ദ്രങ്ങളെ സ്പെഷ്യൽ ഇക്കണോമിക് സോണായി പ്രഖ്യാപിച്ച് തൊഴിലവസരങ്ങൾ കൂടുതൽ ലഭ്യമാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ആയുർ കേരള ആയുർവേദ കൺസോർഷ്യം ഉദ്ഘാടനം</u>

4952 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊരട്ടി കിൻഫ്രയിലെ ആയുർകേരള ആയുർവേദ കൺസോർഷ്യം നിർമ്മാണം പൂർത്തിയായെങ്കിലും ഉദ്ഘാടനം കഴിഞ്ഞില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം എന്നാരംഭിക്കുവാൻ കഴിയും എന്നറിയിക്കാമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>കാക്കൻചേരി കിൻഫ്ര പാർക്ക്</u>

4953 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും**
**നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കാക്കൻചേരി കിൻഫ്രാ പാർക്ക് സ്ഥലപരിമിതി മൂലം പ്രയാസപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ കൂടുതൽ സ്ഥലം ഏറ്റെടുക്കുവാൻ ഉദ്ദേശമുണ്ടോ;

(സി) ഈ പാർക്കിനോട് ചേർന്ന് ഒരു സംരംഭക പരിശീലന കേന്ദ്രം ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

ചവറ കെ.എം.എം.എല്ലിലെ ജീവനക്കാർക്ക് പ്രോത്സാഹന സമ്മാനം

4954 ശ്രീ. തോമസ് ചാണ്ടി
,, എ.കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചവറ കെ.എം.എം. എല്ലിൽ ആദ്യബാച്ചായി മൂന്നു ടൺ ടൈറ്റാനിയം സ്പഞ്ച് നിർമ്മിച്ചതുമായി ബന്ധപ്പെട്ട് ജീവനക്കാർക്ക് പ്രോത്സാഹന സമ്മാനം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ടൈറ്റാനിയം സ്പഞ്ച് ഉൽപ്പാദനവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന ഉപോൽപ്പന്നമായ മെഗ്നീഷ്യം ക്ലോറൈഡ് വേർതിരിക്കാനുള്ള സാങ്കേതിക വിദ്യ നേടുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ക്വാറികളിലെ സുരക്ഷാ സംവിധാനം</u>

4955

ശ്രീ. ആര്‍. സെല്‍വരാജ്
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. പുരുഷന്‍ കടലുണ്ടി
,, കെ. കെ. നാരായണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ക്വാറികളുടെ പ്രവര്‍ത്തനം നിയന്ത്രിക്കുന്നതിന് ഏകീകൃതമായ ഒരു നിയമം നിലവിലുണ്ടോ;

(ബി) ക്വാറികളിലെ തൊഴിലാളികളുടെയും ക്വാറികളുടെ സമീപമുള്ള വീടുകളുടെയും സുരക്ഷിതത്വവും പാരിസ്ഥിതിക പ്രശ്നങ്ങളും ഇപ്പോള്‍ കൃത്യമായി പരിശോധിക്കപ്പെടുന്നുണ്ടോ;

(സി) ക്വാറികളുമായി ബന്ധപ്പെട്ട അപകടമരണങ്ങള്‍ വര്‍ദ്ധിച്ചുവരുന്നതായി അറിയാമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

കരമണൽ ഖനനം

4956 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരമണൽ ഖനനത്തിനായി പാലക്കാട് ജില്ലയിൽ എത്ര പേർക്ക് അനുമതി നല്കിയിട്ടുണ്ട് ; എത്ര ഏക്കർ ഖനനം ചെയ്യുന്നതിനാണ് അനുമതി നല്കിയിട്ടുള്ളത് ;

(ബി) ആർക്കെല്ലാമാണ് ലൈസൻസ് നൽകിയിട്ടുള്ളത് ;

(സി) കരമണൽ പാസ് അനുവദിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ ;

(ഡി) കരമണലിന് ഒരു യൂണിറ്റിന് വിൽപ്പന നടത്തുന്നതിനായി എത്ര രൂപ നിശ്ചയിച്ചിരിക്കുന്നു ; സർക്കാരിന് ഒരു യൂണിറ്റിന് ലഭിക്കുന്ന വില എത്രയെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ധാതുമണൽ ഖനനം</u>

4957 ശ്രീ. എം. എ. ബേബി
,, പി. കെ. ഗുരുദാസൻ
,, സി. കെ. സദാശിവൻ
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രധാനമായും ഏതെല്ലാം ധാതുസമ്പത്തുക്കൾ എവിടെയെല്ലാമാണ് കണ്ടെത്തിയിട്ടുളളതെന്ന് വെളിപ്പെടുത്താമോ;

(ബി) സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ അല്ലാതെ മറ്റേതെങ്കിലും സ്ഥാപനം ഇപ്പോൾ ഏതെങ്കിലും ധാതുസമ്പത്തുക്കൾ ഖനനം ചെയ്തുവരുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ധാതുമണൽ ഖനനം സംബന്ധിച്ച നയം</u>

4958 ശ്രീ. ജോസഫ് വാഴക്കൻ
'' ഹൈബി ഈഡൻ
'' ഷാഫി പറമ്പിൽ
'' എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതിവും**
**നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ധാതുമണൽ ഖനനം സ്വകാര്യവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ചുള്ള നയം വ്യക്തമാക്കുമോ;

(സി) വ്യവസായങ്ങൾക്ക് ധാതു മണൽ ആവശ്യത്തിന് ലഭ്യമല്ലാത്ത സാഹചര്യം ഉണ്ടാവുകയാണെങ്കിൽ എങ്ങനെയാണ് ഇതിനെ നേരിടാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ധാതുമണല്‍ ശേഖരം</u>

4959 ശ്രീ. എം.എ. വാഹീദ്
'' എം.പി. വിന്‍സെന്റ്
'' ലൂഡി ലൂയിസ്
'' പി.എ. മാധവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും**
**നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മുന്‍ സര്‍ക്കാരിന്റെ കാലത്ത് സ്വകാര്യ വ്യക്തികളില്‍ നിന്ന് ധാതുമണല്‍ ശേഖരിക്കുവാന്‍ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കില്‍ എവിടെയെല്ലാം, എത്ര ടണ്‍ മണല്‍ സ്വകാര്യ വ്യക്തികളില്‍ നിന്നും ശേഖരിക്കുകയുണ്ടായി എന്ന് വ്യക്തമാക്കാമോ;

(സി) ആയതിനുള്ള അനുമതി ഗവണ്‍മെന്റില്‍നിന്നും നേടിയിരുന്നുവോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>പരമ്പരാഗത വ്യവസായങ്ങൾ സംരക്ഷിക്കുന്നതിന് പദ്ധതികൾ</u>

4960 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും**
**നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായങ്ങൾ സംരക്ഷിക്കുന്നതിന് കഴിഞ്ഞ സർക്കാർ തുടങ്ങിവെച്ച പദ്ധതികൾ പലതിനും ഈ സർക്കാർ തുടർനടപടി സ്വീകരിക്കാത്തത് ഈ മേഖലയിൽ കടുത്ത പ്രതിസന്ധി സൃഷ്ടിച്ചതായി കരുതുന്നുണ്ടോ; വിശദമാക്കാമോ;

(ബി) കൈത്തറി വ്യവസായത്തിന്റെ പുരോഗതിക്കായി കഴിഞ്ഞ സർക്കാർ ആവിഷ്ക്കരിച്ച പദ്ധതികൾ തുടരുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) കൈത്തറിതൊഴിലാളികളെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സഹായം നൽകുന്നതിന് കഴിഞ്ഞ സർക്കാർ തുടങ്ങിവെച്ച നടപടിയോട് ഈ സർക്കാരിന്റെ സമീപനം എന്താണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 21.10.2011-ലെ മറുപടിക്ക്

<u>കൈത്തറി വസ്ത്രങ്ങൾ വ്യാപകമാക്കുന്നതിന് നടപടി</u>

4961 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും**
**വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൈത്തറി തൊഴിലാളികളുടെ ഉന്നമനത്തിനായി എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കൈത്തറി വസ്ത്രങ്ങൾ വ്യാപകമാക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ആലപ്പുഴ സ്പിന്നിംഗ് മില്ലിന്റെ നവീകരണം</u>

4962 ശ്രീ.ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ സഹകരണ സ്പിന്നിംഗ് മിൽ 25000 കതിരുകളുള്ള സ്പിന്നിംഗ് മില്ലായി വികസിപ്പിക്കുന്ന പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ ; ഇതിന്റെ അടങ്കൽ എത്ര രൂപയാണ് ;

(ബി) മില്ലിന്റെ വികസനത്തിനായുള്ള പ്രോജക്ട് റിപ്പോർട്ട് സർക്കാരും എൻ.സി.ഡി.സി.യും അംഗീകരിച്ചുവോ ; ഇല്ലെങ്കിൽ അതിന്റെ തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ ;

(സി) മില്ലിന്റെ ഇപ്പോഴത്തെ പ്രവർത്തനശേഷി എത്രയാണ്;

(ഡി) മില്ലിന്റെ ഇപ്പോഴത്തെ സാമ്പത്തിക നില വ്യക്തമാക്കുമോ ;

(ഇ) ആലപ്പുഴ സഹകരണ സ്പിന്നിംഗ് മില്ലിൽ പുതിയതായി എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്താനാണ് ഈ സർക്കാർ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മില്ല്</u>
<u>സ്ഥാപിക്കാൻ നടപടി</u>

4963 ശ്രീ. എ. പ്രദീപ് കുമാർ
,, പുരുഷൻ കടലുണ്ടി
,, കെ. ദാസൻ
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മില്ലിൽ വീവിംഗ് മെഷീനറികൾ സ്ഥാപിക്കാൻ കഴിഞ്ഞ സർക്കാർ 15 കോടിയുടെ പദ്ധതി പ്രഖ്യാപിച്ചിരുന്നോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഈ സർക്കാർ എന്തു നടപടിയാണ് കൈക്കൊണ്ടത് എന്ന് വ്യക്തമാക്കാമോ ;

(സി) അടിയന്തിരമായി വീവിംഗ് യൂണിറ്റ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 21.10.2011-ലെ മറുപടിക്ക്

<u>കെൽടെക്സിന് നൽകിയ ധനസഹായവും സ്ഥാപനത്തിന്റെ ഓഹരിമൂലധനവും</u>

4964 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും**
**നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കാർത്തലയിൽ പ്രവർത്തിക്കുന്ന കെൽടെക്സ് എന്ന സ്ഥാപനത്തിന്റെ നിർമ്മാണത്തിന് സർക്കാരിൽ നിന്ന് ഇതിനകം എത്ര കോടി രൂപയാണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ സ്ഥാപനത്തിന് ഓഹരി ഉടമകളിൽ നിന്ന് എന്ത് തുകയാണ് സ്വരൂപിച്ചിട്ടുള്ളത്;

(സി) 27.9.2011 വരെ എത്ര ഓഹരി ഉടമകളാണ് കെൽടെക്സിൽ ഉള്ളത് ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>കെൽടെക്സിന്റെ പ്രവർത്തനം</u>

4965 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കാർത്തലയിൽ പ്രവർത്തിക്കുന്ന കെൽടെക്സിൽ ഇപ്പോൾ ഉല്പാദനം നടക്കുന്നുണ്ടോ;

(ബി) എങ്കിൽ ഉത്പന്നങ്ങളുടെ വിപണനം എങ്ങനെയാണ് നടക്കുന്നതെന്ന് വിശദമാക്കാമോ;

(സി) കമ്പനി പ്രവർത്തനക്ഷമമായതു മുതൽ 27.9.2011 വരെ ഉല്പാദത്തിനാവശ്യമായി വന്ന മൊത്തം ചെലവ് എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഉല്പന്നങ്ങൾ വിപണനം നടത്തിയ വകയിൽ എന്തു തുകയാണ് കമ്പനിക്ക് സ്വരൂപിക്കാനായത്?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>വിവരസാങ്കേതിക വിദ്യാപഠനം</u>

4966 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗര കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൽ.പി., യു.പി. തലം മുതൽ ഗൗരവതരമായ വിവര സാങ്കേതിക വിദ്യാപഠനത്തിന് സാഹചര്യമുണ്ടാക്കും വിധം വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ;

(ബി) വിവരസാങ്കേതിക രംഗത്ത് കുട്ടിക്കാലം മുതൽ പ്രതിഭ തെളിയിക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കഴിഞ്ഞ പത്തുവർഷങ്ങളിൽ കേരളത്തിൽ നിന്നും വിവരസാങ്കേതിക രംഗത്ത് എടുത്തു പറയത്തക്കസംഭാവനകൾ നൽകിയ യുവ പ്രതിഭകൾ ആരൊക്കെയാണെന്നു പറയാമോ; ഇവരുടെ വളർച്ചയിലും ഇവരുടെ സംഭാവനകളിലും സംസ്ഥാന സർക്കാരിന്റെ പങ്ക് എന്തായിരുന്നു എന്നു വ്യക്തമാക്കാമോ;

(ഡി) വിവരസാങ്കേതിക വിദ്യാഭ്യാസ രംഗത്തും വിവരസാങ്കേതിക വിദ്യയുടെ വളർച്ചയ്ക്കും വേണ്ടി സംസ്ഥാന സർക്കാർ നൽകുന്ന സംഭാവനകൾ സംസ്ഥാനത്തിന് എത്രമാത്രം പ്രയോജനം ചെയ്യുന്നു എന്നു വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ഐ.ടി. മേഖലയിലെ വളർച്ച</u>

4967

ശ്രീ. മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി. മേഖലയിലെ തൊഴിൽ സാധ്യത സംബന്ധിച്ച് ഒരു വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്ത് എത്ര പേർ ഈ മേഖലയിൽ നേരിട്ടും പരോക്ഷമായും പ്രവർത്തിക്കുന്നു എന്നതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കേരളത്തിൽ ഐ.ടി. മേഖലയിലെ തൊഴിലുകൾ എന്നു മുതലാണ് ആരംഭിച്ചത് എന്നും അതിന്റെ വളർച്ചയുടെ തോതും വിശദമാക്കുമോ;

(സി) കേരളത്തിലെ ഐ.ടി. മേഖലയിലെ തൊഴിലവസരങ്ങളും ഐ.ടി. മേഖലയിലെ കയറ്റുമതിയും മറ്റു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമോ;

(ഡി) ഐ.ടി. മേഖലയിലെ പുതിയ സാധ്യതകൾ എന്തെല്ലാമാണ്; വരും വർഷങ്ങളിൽ എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(ഇ) പ്രസ്തുത പദ്ധതികളിലൂടെ എന്തെല്ലാം നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നത് എന്ന് വിശദമാക്കുമോ;

(എഫ്) ഐ.ടി. മേഖലയിലെ ശമ്പള ഘടനയെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ജി) സംസ്ഥാനത്തെ ഐ.ടി. മേഖലയുടെ വളർച്ച തൊഴിലവസരങ്ങളെയും സാമ്പത്തിക ഘടനയെയും എപ്രകാരം സ്വാധീനിക്കുന്നു എന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

ഐ. ടി. മേഖലയിൽ പുതിയ പദ്ധതികൾ

4968 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും**
**നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. ടി. മേഖലയിൽ പുതിയ ഏതെല്ലാം പദ്ധതികളാണ് ആരംഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വിവരസാങ്കേതിക വിദ്യയുടെ വളർച്ചയിലൂടെ അടുത്ത അഞ്ച് വർഷക്കാലം കൊണ്ട് എത്രപേർക്ക് തൊഴിൽ ലഭ്യമാക്കാനാവുമെന്നാണ് പ്രതീക്ഷയെന്ന് വിശദീകരിക്കാമോ ;

(സി) മലപ്പുറം ജില്ലയിൽ ഈ വിഭാഗത്തിൽ പുതിയ സ്ഥാപനങ്ങൾ ആരംഭിക്കാനുദ്ദേശിക്കുന്ന സ്ഥലങ്ങൾ പരിഗണനയിലുണ്ടോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

ഐ. ടി. മിഷനിലെ ഡി.ഡി.എഫ്.ഐ. സിസ്റ്റം

4969 ശ്രീ. ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. ടി. മിഷനിൽ ഡി.ഡി.എഫ്.ഐ. ഡിജിറ്റൽ ഡോക്യുമെന്റ്സ് ഫയൽ ഫ്ളോ സിസ്റ്റം നടപ്പിലാക്കിയിട്ട് എത്ര കാലമായി ;

(ബി) ഇതിനുള്ള പഴയ സോഫ്ട്‌വെയറായ മെസേജ് എന്നു മുതലാണ് ഉപയോഗിച്ചു തുടങ്ങിയത് ;

(സി) ഐ. ടി. മിഷനിലെ ഓരോ ജീവനക്കാർക്കും പാസ്‌വേഡ് നൽകിയിട്ടുണ്ടോ ;

(ഡി) ഒരു ജീവനക്കാരൻ മറ്റൊരാളുടെ അക്കൗണ്ടിൽ കയറുന്നുണ്ടോ എന്നറിയാൻ എന്ത് സംവിധാനമാണ് നിലവിലുള്ളത് ;

(ഇ) ഒരു ജീവനക്കാരൻ മറ്റൊരാളിന്റെ അക്കൗണ്ടിൽ പ്രവേശിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഇത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല എങ്കിൽ ഓരോ ജീവനക്കാരനും ഓരോ ദിവസവും കമ്പ്യൂട്ടർ ഉപയോഗിച്ചു ചെയ്യുന്ന കാര്യങ്ങളുടെ ലോഗ് ലഭ്യമാക്കാമോ ;

(ജി) ഒരു ജീവനക്കാരൻ മറ്റൊരാളുടെ അക്കൗണ്ടിൽ പ്രവേശിക്കുന്നത് കുറ്റകരമാണോ;

(എച്ച്) എങ്കിൽ ഇക്കാരണത്താൽ എത്ര ജീവനക്കാരെ ഏതെല്ലാം തീയതികളിൽ ശിക്ഷിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>വിദേശ നിക്ഷേപം</u>

4970 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദേശത്തു നിന്നും നിക്ഷേപകർ വ്യവസായരംഗത്ത് മുതൽമുടക്കുന്നതിന് സർക്കാർ എന്തെല്ലാം പ്രോത്സാഹനപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുളളത്;

(ബി) പുതിയ സാമ്പത്തിക വർഷം വ്യവസായ നിക്ഷേപം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വ്യവസായ വകുപ്പ് എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>സ്മാർട്ട് സിറ്റിയുടെ മാസ്റ്റർ പ്ലാൻ</u>

4971 ശ്രീ. സി. പി. മുഹമ്മദ്
,, ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റിയുടെ പ്രവർത്തനത്തിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എന്നാണ് ഇത് തയ്യാറാക്കിയത്;

(സി) മാസ്റ്റർ പ്ലാനിൽ കാലോചിതമായ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>സ്മാർട്ട് സിറ്റിയിലേക്ക് വൻകിട കമ്പനികളെ ആകർഷിക്കുന്നതിനുള്ള നടപടി</u>

4972 ശ്രീ. സി. പി. മുഹമ്മദ്
'' പി. സി. വിഷ്ണുനാഥ്
'' അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർമ്മാണം ഉദ്ഘാടനം ചെയ്യപ്പെട്ട സ്മാർട്ട് സിറ്റി പദ്ധതി പൂർത്തിയാക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(ബി) സ്മാർട്ട്സിറ്റി പദ്ധതി പൂർത്തിയാകുമ്പോൾ എത്ര തൊഴിലവസരങ്ങൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(സി) ലോകത്തെ വൻകിട കമ്പനികളെ ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) ഇതിനായി ഒരു റോഡ് ഷോ നടത്തുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>സ്മാർട്സിറ്റി പദ്ധതിയിൽ സർക്കാരിന്റെ ഓഹരി</u>

4973 ശ്രീ. പാലോട് രവി
,, സണ്ണി ജോസഫ്
,, ഷാഫി പറമ്പിൽ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവുംവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റി പദ്ധതിയിൽ സർക്കാരിന്റെ ഓഹരി വിഹിതം എത്രയാണ്; വിശദമാക്കാമോ;

(ബി) പദ്ധതി പൂർത്തിയാക്കുമ്പോൾ ഓഹരി വിഹിതത്തിൽ മാറ്റങ്ങൾ വരുമോ;

(സി) ഇതിന്റെ വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>സ്മാർട്ട് സിറ്റി പദ്ധതിയെക്കുറിച്ച്</u>

4974 ശ്രീ.ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട്സിറ്റി പദ്ധതിയെക്കുറിച്ചുള്ള അന്തിമരൂപ രേഖ തയ്യാറായിട്ടുണ്ടോ ;

(ബി) നേരിട്ട് എത്ര തൊഴിലവസരങ്ങളും നേരിട്ടല്ലാതെ എത്ര തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ സ്മാർട്ട്സിറ്റിക്ക് കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(സി) സ്മാർട്ട്സിറ്റിയുമായി ബന്ധപ്പെട്ട് എറണാകുളം നിയോജകമണ്ഡലത്തിൽ നിർമ്മിക്കാനും, പുനർ നിർമ്മിക്കാനും, വീതികൂട്ടാനും ഉദ്ദേശിക്കുന്ന റോഡുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ഇൻഫോ പാർക്കിലെ നിയമവിരുദ്ധ നിയമനങ്ങൾ</u>

4975 ശ്രീ. വി. റ്റി. ബൽറാം
,, അൻവർ സാദത്ത്
,, ലൂഡി ലൂയിസ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഐ. ടി. മേഖലകളിലും ഇൻഫോ പാർക്കിലും നിയമവിരുദ്ധമായി നിയമനങ്ങൾ നടന്നിരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ നിയമനങ്ങളെക്കുറിച്ച് അന്വേഷിക്കുവാൻ തയ്യാറാകുമോ;

(സി) ഏതൊക്കെ നിയമനങ്ങളിലാണ് ആക്ഷേപം ഉയർന്നു വന്നിട്ടുള്ളത്;

(ഡി) ഏതു തരത്തിലുള്ള അന്വേഷണമാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ആധാര്‍ പദ്ധതി</u>

4976 ശ്രീ. കെ.എന്‍.എ. ഖാദര്‍
ശ്രീ. എന്‍.എ. നെല്ലിക്കുന്ന്
" എം. മുഹമ്മദുണ്ണി ഹാജി
" സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും**
**നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആധാര്‍ പദ്ധതിയെക്കുറിച്ച് ചില പരാതികള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ആധാര്‍ പദ്ധതി സമ്പൂര്‍ണ്ണമായി ഇതു സംസ്ഥാനത്ത് നടപ്പിലാക്കുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഈ വിഷയത്തില്‍ സര്‍ക്കാര്‍ നയം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ആധാർ രജിസ്ട്രേഷൻ</u>

4977 ശ്രീ.രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും**
**നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എന്താണ് ആധാർ രജിസ്ട്രേഷൻ, എന്നുമുതലാണ് ഇത് ഓരോ ജില്ലയിലും നടപ്പാക്കിവരുന്നത് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഓരോ ജില്ലയിലും എന്നാണ് ഇവ പൂർത്തിയാക്കേണ്ടത്; ഇതുകൊണ്ടുള്ള പ്രയോജനമെന്താണ്;

(ബി) ഇതുസംബന്ധിച്ച് ജനങ്ങൾക്കിടയിലുള്ള സംശയങ്ങൾ ദുരീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>കാർഡിൽ ഉൾപ്പെടുത്തുന്ന വിവരങ്ങൾ</u>

4978 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും**
**നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആധാർ പദ്ധതി നിർബന്ധമാണോ എന്ന് വ്യക്തമാക്കാമോ;

(ബി) ജനനസർട്ടിഫിക്കറ്റ്, വിദ്യാഭ്യാസരേഖകൾ, റവന്യു രേഖകൾ തുടങ്ങിയവയിൽ പേരുകളും ജനനതീയതിയും വ്യത്യസ്തമായിട്ടുണ്ടെങ്കിൽ അവ ഏതുരീതിയിലാണ് ആധാർ കാർഡിൽ ഉൾപ്പെടുത്തുന്നത് എന്ന് വിശദമാക്കാമോ;

(സി) ആധാർ കാർഡിൽ ഉൾപ്പെടുത്തുന്ന പൗരന്റെ സ്വകാര്യ വിവരങ്ങളെക്കുറിച്ച് ഏതെങ്കിലും ഭാഗത്ത് നിന്ന് ആക്ഷേപം ഉയർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇവ പരിഹരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ഹജ്ജ് കമ്മിറ്റിക്ക് ധനസഹായം</u>

4979 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും**
**നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് 25 ലക്ഷം രൂപയുടെ സ്ഥിരം ഗ്രാന്റ് പ്രഖ്യാപിച്ചിരുന്നുവോ;

(ബി) ഈ സർക്കാരിന്റെ പുതുക്കിയ ബഡ്ജറ്റിൽ സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് എന്തെല്ലാം ധനസഹായമാണ് പ്രഖ്യാപിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ</u>

4980 ശ്രീ. പി. റ്റി. എ റഹീം
ഡോ. കെ. ടി. ജലീൽ
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
,, ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; മുൻ സർക്കാർ ആവിഷ്കരിച്ച എന്തെല്ലാം സ്കീമുകൾ നടപ്പിലാക്കി വരുന്നു;

(ബി) ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടറായി നിയമിക്കപ്പെട്ടയാളിന്റെ യോഗ്യത എന്താണ്?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>സച്ചാർ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കാൻ സ്വീകരിച്ച നടപടി</u>

4981 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ, സച്ചാർ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കാൻ സംസ്ഥാന സർക്കാരിന് എന്തു സഹായമാണ് ചെയ്തത്;

(ബി) സംസ്ഥാന സർക്കാർ, സച്ചാർ കമ്മീഷൻ ശുപാർശ നടപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(സി) പ്രധാനമന്ത്രിയുടെ 15 ഇന പരിപാടിയിൽ ആനുകൂല്യം ലഭിക്കുന്നത് സംസ്ഥാനത്തെ ഏതെല്ലാം ന്യൂനപക്ഷ വിഭാഗങ്ങൾക്കാണെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ വിഭാഗങ്ങളുടെ ശാക്തീകരണത്തിനായി പുതിയ പദ്ധതികൾ</u>

4982 ശ്രീ.പി. ഉബൈദുള്ള
,, കെ. എം. ഷാജി
,, വി. എം. ഉമ്മർ മാസ്റ്റർ
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷങ്ങൾക്കായുള്ള കേന്ദ്രസർക്കാരിന്റെ പ്രത്യേക പാക്കേജിൽ കൂടുതൽ ജില്ലകളെ ഉൾപ്പെടുത്താൻ കേന്ദ്ര ന്യൂനപക്ഷ ക്ഷേമ വകുപ്പ് തീരുമാനിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ സംസ്ഥാനത്തെ ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകളായ മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളെ കൂടി പദ്ധതിയിൽ ഉൾപ്പെടുത്താൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ ;

(സി) ന്യൂനപക്ഷ വിഭാഗങ്ങളുടെ ശാക്തീകരണത്തിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് ഏറ്റെടുത്ത് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകളുടെ വികസനം</u>

4983 ശ്രീ. എൻ.എ. നെല്ലിക്കുന്നു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവിരസാങ്കേതികവും**
**നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിഭാഗങ്ങൾ കൂടുതലായുള്ള ജില്ലകളുടെ വികസനത്തിനായി കേന്ദ്രസർക്കാർ അനുവദിച്ച തുക മുൻസർക്കാർ ശരിയായി വിനിയോഗിച്ചില്ല എന്ന് ചൂണ്ടിക്കാട്ടി കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം പുറത്തിറക്കിയ കണക്കു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പദ്ധതിപ്രകാരം കേരളത്തിനു എത്ര രൂപയാണു അനുവദിച്ചിരുന്നത്, ഇതിൽ എത്ര രൂപയാണ് ചെലവഴിച്ചത്?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ വികസന പദ്ധതി</u>

T4984 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ന്യൂനപക്ഷ വികസന പദ്ധതിയുടെ കീഴില്‍ സ്കൂളുകളിലെ ലബോറട്ടറികള്‍ ഉള്‍പ്പെടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ ;

(ബി) എങ്കില്‍ ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങള്‍ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയില്‍ സ്കൂളുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ കമ്മീഷൻ ബിൽ</u>

T4985 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാറിന്റെ കാലത്ത് നിയമസഭയിൽ സർക്കുലേറ്റ് ചെയ്ത ന്യൂനപക്ഷ കമ്മീഷൻ ബിൽ അതേപടി അവതരിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കമ്മീഷൻ അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കമ്മീഷൻ രൂപീകരിക്കാനായി ഉത്തരവ് പുറപ്പെടുവിച്ചത് എന്നാണ്?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>പഞ്ചായത്തുകൾ മുനിസിപ്പാലിറ്റി ആക്കി ഉയർത്താൻ നടപടി</u>

4986 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്തുകൾ മുനിസിപ്പാലിറ്റിയാക്കി ഉയർത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത മാനദണ്ഡങ്ങൾ ആർജിച്ച സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തുകൾ മുനിസിപ്പാലിറ്റികളാക്കി ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>നഗരസഭകളിലെ കാലതാമസം</u>

4987 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നഗരസഭകൾ/കോർപ്പറേഷനുകൾ എന്നിവടങ്ങളിൽ നിന്നും വിവിധ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കോർപ്പറേഷൻ/നഗരസഭകൾ എന്നിവിങ്ങളിൽ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കാൻ അപേക്ഷകൾക്ക് ഓൺൽലൈൻ സംവിധാനം ഏർപ്പെടുത്തുമോ ;

(സി) കോർപ്പറേഷനിൽ നികുതി പുതുക്കുമ്പോൾ 800 സ്ക്വയർ ഫീറ്റിൽ താഴെയുള്ള ഓടിട്ട കെട്ടിടങ്ങളെ വർദ്ധനവിൽ നിന്നും ഒഴിവാക്കുമോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി</u>

4988 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിയുടെ പ്രാഥമിക പ്രവർത്തനങ്ങൾക്കായി എന്തു തുകയാണ് അനുവദിച്ചത്; ഓരോ മുനിസിപ്പാലിറ്റിക്കും കോർപ്പറേഷനുകൾക്കും എന്തു തുക വീതമാണ് നൽകിയത്;

(ബി) ഈ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം എന്ന് എവിടെ വച്ചാണ് നടന്നത്; വിശദീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി എത്ര തുകയാണ് നീക്കി വച്ചിരിക്കുന്നത്;

(ഡി) അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിയുടെ തുടർ നടപടികൾ സംബന്ധിച്ച് വ്യക്തത നൽകുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

ശുചിത്വ കേരളം പദ്ധതി

4989 ശ്രീ.ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഒക്ടോബർ 2 ന് ആരംഭിച്ച ശുചിത്വകേരളം പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച വിശദാംശം അറിയിക്കാമോ ;

(ബി) എത്ര ജില്ലകളിലും നിയോജകമണ്ഡലങ്ങളിലും ഇതിന്റെ ഉദ്ഘാടനം നടന്നിട്ടുണ്ട് ;

(സി) ഈ പദ്ധതിയെ ഏകോപിപ്പിക്കുന്നതിന് ജില്ലാ തലത്തിലും മണ്ഡലം തലത്തിലും എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് പദ്ധതി നിർവ്വഹണത്തിന് പുറത്തുള്ള പദ്ധതിയെന്ന നിലയിൽ ഇതിന്റെ ഏകോപനത്തിനായി ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

നഗരസഭകളിലെ ജീവനക്കാർ

4990 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിലെ ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

നഗരസഭകളുടെ കമ്പ്യൂട്ടർ വൽക്കരണം

4991 ശ്രീ. മോൻസ് ജോസഫ്
'' റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരസഭകളുടെയും പഞ്ചായത്തുകളുടെയും പൊതു സർവ്വീസ് എന്ന ആശയം ഈ സർക്കാരിന്റെ നയമാണോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) നഗരസഭകളുടെ കമ്പ്യൂട്ടർ വൽക്കരണം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; ഇതിനു വേണ്ടി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് ;

(സി) ഈ ഏജൻസി ഏതെല്ലാം സോഫ്റ്റ്‌വെയറുകൾ വികസിപ്പിച്ചെടുത്തു എന്ന് വ്യക്തമാക്കുമോ ; എത്ര നഗരസഭകൾ പൂർണ്ണമായും കമ്പ്യൂട്ടർ വൽക്കരിച്ചു ; ഇനിയെത്രയെണ്ണം കമ്പ്യൂട്ടർ വൽക്കരിക്കാൻ ബാക്കിയുണ്ട് ; ഇത് എന്ന് പൂർത്തീകരിക്കാനാകും ;

(ഡി) പൊതു സ്ഥലമാറ്റ മാനദണ്ഡത്തിന്റെ പട്ടികയിൽ ഡെപ്യൂട്ടേഷൻ സർവ്വീസിൽ ഉള്ളവരെ കൂടി ഔട്ട്സൈഡ് സർവ്വീസ് ആയി പരിഗണിക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

നഗരപ്രദേശങ്ങളിലെ അനധികൃത പാർക്കിംഗ്

T4992 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും**
**നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ നഗരപ്രദേശങ്ങളിൽ വാഹനങ്ങൾ റോഡ്സൈഡിൽ അനധികൃതമായി പാർക്ക് ചെയ്യുന്നത് സുഗമമായ യാത്രകൾക്ക് തടസ്സമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജില്ലയുടെ വിവിധ ഭാഗങ്ങളിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) തിരുമല ഭാഗത്ത് പൊതുവെ ഗതാഗത തിരക്കേറിയ സമയത്ത് റോഡ് സൈഡിൽ നിരവധി വാഹനങ്ങൾ പാർക്ക് ചെയ്യുന്നത്മൂലം വാഹന ഗതാഗതത്തിന് പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

മലിനജലം റോഡിലേയ്ക്ക് ഒഴുക്കിവിടൽ

4993 ശ്രീ. എ.കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവുംവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയുടെ പരിധിയിൽപ്പെടുന്ന റോഡുകളിൽ കാർ, ടൂവീലർ എന്നീ വാഹനങ്ങൾ നിറുത്തി കഴുകുകയും മലിനജലം റോഡിലേയ്ക്ക് ഒഴുക്കുന്നതും വീടുകളിൽ നിന്നും വെള്ളം പ്രത്യേക സംവിധാനം ഉപയോഗിച്ച് റോഡിലേയ്ക്ക് ഒഴുക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;;

(ബി) ഇത് നിയമപ്രകാരം അനുവദനീയമാണോയെന്ന് വ്യക്തമാക്കുമോ;

(സി) ഇത് തടയുന്നതിനായി പരാതി നൽകേണ്ടത് ആർക്കാണെന്ന് അറിയിക്കുമോ? ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>നേമം നിയോജകമണ്ഡലത്തിൽ നഗരകാര്യവകുപ്പിന്റെ പുതിയ പദ്ധതികൾ</u>

4994 ശ്രീ.വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി നേമം നിയോജകമണ്ഡലത്തിൽ പുതിയ പദ്ധതികൾ നഗരകാര്യവകുപ്പ് നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ അവ ഏതൊക്കെയാണ് ;

(സി) പ്രസ്തുത പദ്ധതികളുടെ സാമ്പത്തിക ഭൗതിക വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>തിരുവല്ല നഗരസഭ മാസ്റ്റർ പ്ലാൻ</u>

4995 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തിരുവല്ല നഗരസഭയുടെ മാസ്റ്റർ പ്ലാനിനു അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ആലപ്പുഴ പട്ടണത്തിന്റെ നവീകരണം</u>

4996 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ പട്ടണത്തിന്റെ വികസനത്തിനായി തയ്യാറാക്കിയ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ അന്തിമ പ്ലാനും വികസനരേഖയും തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അന്തിമ പ്ലാനിന്റേയും വികസന രേഖയുടേയും പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ പ്ലാനിനും വികസനരേഖയ്ക്കും അടിയന്തിരമായി അംഗീകാരം നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>നീലേശ്വരം മുനിസിപ്പാലിറ്റിക്ക് സാമ്പത്തിക സഹായം അനുവദിക്കാൻ നടപടി</u>

4997 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും**
**നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പുതുതായി അനുവദിച്ച നീലേശ്വരം മുനിസിപ്പാലിറ്റിയിൽ ആവശ്യമായ സ്റ്റാഫിനെയും കെട്ടിട നിർമ്മാണത്തിനാവശ്യമായ സാമ്പത്തിക സഹായവും അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>മാലിന്യ വിമുക്ത കേരളം പദ്ധതി</u>

4998 ശ്രീ. വി. ഡി. സതീശൻ
,, സണ്ണി ജോസഫ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

മാലിന്യവിമുക്തകേരളം പദ്ധതിയുടെ ഭാഗമായി നഗരങ്ങളിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>മാലിന്യ വിമുക്ത പദ്ധതിയുടെ ഭാഗമായി മുനിസിപ്പാലിറ്റികളിൽ കൈക്കൊള്ളാനുദ്ദേശിക്കുന്ന നടപടികൾ</u>

4999 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' റ്റി. എൻ. പ്രതാപൻ
'' ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാലിന്യ വിമുക്ത പദ്ധതിയുടെ ഭാഗമായി മുനിസിപ്പാലിറ്റികളിൽ കൈക്കൊള്ളാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം ;

(ബി) മുനിസിപ്പാലിറ്റികളിൽ ഖരമാലിന്യ സംസ്ക്കരണ ഉപാധികൾ നവീന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി കുറ്റമറ്റതാക്കാൻ ശ്രമിക്കുമോ ;

(സി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ;

(ഡി) ഏതൊക്കെ മുനിസിപ്പാലിറ്റികളാണ് ഇതു നടപ്പാൻ ഉദ്ദേശിക്കുന്നത് ;

(ഇ) മറ്റ് മുനിസിപ്പാലിറ്റികളിലേക്കും ഇതു വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ചാലക്കുടിയിൽ മാലിന്യ നിർമ്മാർജനത്തിന് നടപടി</u>

5000 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതിവും**
**നഗരകാര്യവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ മുനിസിപ്പാലിറ്റി സ്റ്റേഡിയം നിർമ്മാണത്തിനായി വാങ്ങിയിട്ടുള്ള സ്ഥലത്ത്, മുനിസിപ്പാലിറ്റി വൻതോതിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതുമൂലം പകർച്ചവ്യാധികൾ പടരാനും സമീപ വാസികളുടെ കിണറുകളിൽ മാലിന്യം കലരാനും കടുത്ത ദുർഗന്ധം വമിക്കാനും ഇടയായിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് തടയുന്നതിനും മുനിസിപ്പാലിറ്റിയിൽ മാലിന്യം സംസ്കരിക്കുന്നതിന് ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ;

(സി) മാലിന്യസംസ്കരണത്തിനും ഇന്ധനലാഭത്തിനും പ്രയോജനകരമായി, വീടുകളിൽ സർക്കാർ സഹായത്തോടെ ബയോഗ്യാസ് പ്ലാന്റുകൾ പഞ്ചായത്ത് നഗരസഭ വഴി നടപ്പാക്കുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ

(ഡി) വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിനു സഹായകരമായ ഈ പദ്ധതി കൂടുതൽ ആകർഷകമായും ഫലപ്രദമായും നടപ്പാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

വേസ്റ്റ് ഹീറ്റ് റിക്കവറി പദ്ധതി

5001 ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
,, വി. റ്റി. ബൽറാം
,, എ. പി. അബ്ദുള്ളക്കുട്ടി
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ സ്ഥാപനങ്ങളിൽ നിന്നും പുറന്തള്ളുന്ന വേസ്റ്റ് ഉപയോഗിച്ച് വേസ്റ്റ് ഹീറ്റ് റിക്കവറി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇത് നടപ്പിലാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഇതിനായി എത്ര വ്യവസായ സ്ഥാപനങ്ങളിൽ വിവരശേഖരണം നടത്തിയിട്ടുണ്ട് ;

(ഡി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയെക്കുറിച്ചും വിശദമാക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ജെ. എന്‍. എന്‍. യു. ആര്‍. എം. ഫണ്ടിന്റെ കാര്യക്ഷമമായ വിനിയോഗം</u>

5002 ശ്രീ.ഹൈബി ഈഡന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ജെ. എന്‍. എന്‍. യു. ആര്‍. എം. പദ്ധതി പ്രകാരം കൊച്ചിയുടെ വികസനത്തിനായി അനുവദിച്ചിട്ടുള്ള ഫണ്ട് കാര്യക്ഷമമായി വിനിയോഗിച്ച് സമയബന്ധിതമായി പ്രവര്‍ത്തികള്‍ തീര്‍ക്കാന്‍ എന്തെല്ലാം നടപടികളാണ് ഉദ്ദേശിക്കുന്നത് ; വിശദവിവരം ലഭ്യമാക്കാമോ ;

(ബി) മുഴുവന്‍ ഫണ്ടും വിനിയോഗിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുള്ളതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോയെന്നറിയിക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
2011 ഒക്ടോബര്‍ 12.

പി. ഡി. രാജന്‍,
സെക്രട്ടറി

'T' ഇന്നത്തേക്ക് മാറ്റിയ ചോദ്യത്തെ സുചിപ്പിക്കുന്നു.